# *ദഅ്‌വത്തിന്* ഓൺലൈൻ എഡിഷൻ

**ഇന്ത്യൻ** ജമാഅത്തെ ഇസ്‌ലാമിയുടെ ഉർദു ജിഹ്വയായ *ദഅ്‌വത്ത്* ത്രൈദിന പത്രത്തിന് ഓൺലൈൻ എഡിഷൻ. www.dawatonline.com ക്ലിക് ചെയ്താൽ *ദഅ്‌വത്ത്* വെബ്‌സൈറ്റിലെത്താം. കഴിഞ്ഞ ഏപ്രിൽ 4-ന് ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ സയ്യിദ് ജലാലുദ്ദീൻ അൻസ്വർ ഉമരിയാണ് സൈറ്റ് ഉദ്ഘാടനം ചെയ്തത്. "സമൂഹത്തെ ക്രിയാത്മക മൂല്യങ്ങളിലേക്കും നിലപാടുകളിലേക്കും കൊണ്ടുവരിക എന്നതാണ് മീഡിയയുടെ ദൗത്യം. പക്ഷേ, ഈ ദൗത്യം ഇന്ന് പാടേ വിസ്മരിക്കപ്പെട്ടിരിക്കുന്നു. നൈതിക, ധാർമിക മൂല്യങ്ങൾക്കെതിരെ നടക്കുന്ന കൈയേറ്റങ്ങൾ മീഡിയ നിശ്ശബ്ദം നോക്കി നിൽക്കുകയാണ്. മുസ്‌ലിം പ്രശ്നങ്ങളെ മുൻവിധികളോടെ കാണുകയും ചെയ്യുന്നു"- അമീർ പറഞ്ഞു. മീഡിയാ ലോകത്ത് സ്വന്തമായി ഇടം കണ്ടെത്തുന്നതോടൊപ്പം മുഖ്യധാരാ മാധ്യമങ്ങളുമായി അടുത്ത സമ്പർക്കം പുലർത്താൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം ഉണർത്തി. 'ജമാഅത്തെ ഇസ്‌ലാമിയുടെ 60 വർഷം: മുതിർന്ന ജമാഅത്ത് പ്രവർത്തകരുടെ നോട്ടപ്പാടിൽ' എന്ന *ദഅ്‌വത്തിന്റെ* പ്രത്യേക പതിപ്പ് യുനൈറ്റഡ് ന്യൂസ് ഓഫ് ഇന്ത്യ (യു.എൻ.ഐ) മേധാവി ശൈഖ് മൻസൂർ അഹ്മദ് പ്രകാശനം ചെയ്തു. പ്രശ്നങ്ങളെ അവയുടെ കാര്യഗൗരവത്തോടെ കാണുന്ന സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമിയെന്നും എന്നാൽ രാജ്യത്ത് വളരെക്കുറച്ചാളുകൾക്ക് മാത്രമേ അതിനെക്കുറിച്ച് അറിയുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു.

*ദഅ്‌വത്ത്* എഡിറ്റർ പർവാസ് റഹ്മാനി പത്രത്തിന്റെ ചരിത്രം ഹ്രസ്വമായി പരിചയപ്പെടുത്തി. *ദഅ്‌വത്ത്* ട്രസ്റ്റ് സെക്രട്ടറി റഫീഖ് അഹമ്മദ് നന്ദി രേഖപ്പെടുത്തി. ■



*ദഅ്‌വത്ത്* ഓൺലൈൻ എഡിഷൻ ജലാലുദ്ദീൻ അൻസ്വർ ഉമരി ഉദ്ഘാടനം ചെയ്യുന്നു

# വിരുദ്ധ ധ്രുവങ്ങൾ അടുക്കുമ്പോൾ

**വിരുദ്ധ** ദിശകളിൽ നിലയുറപ്പിച്ച രണ്ട് പ്രത്യയശാസ്ത്രങ്ങൾക്ക് തുറന്ന മനസ്സോടെ ഏതെങ്കിലും വിഷയത്തിൽ യോജിക്കാൻ കഴിയുമോ? ഒന്നിന്റെ അടിസ്ഥാന ദർശനം ദൈവവിശ്വാസവും മറ്റേതിന്റേത് ദൈവനിഷേധവുമാകുമ്പോൾ വിശേഷിച്ചും? എന്നാൽ അത് സംഭവിച്ചിരിക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ നൽകുന്ന സൂചന. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയും തമ്മിലാണ് ഈ വേദിപങ്കിടൽ. വൻശക്തികളിലൊന്നായ ചൈന, ലോകത്തിലെവിടെയും അധികാരത്തിലില്ലാത്ത ഒരു പാർട്ടിയുമായി സൗഹൃദത്തിലേർപ്പെടുന്നത് അസാധാരണമായി തോന്നാം. എന്നാൽ സൂക്ഷ്മ വിശകലനത്തിൽ, ജമാഅത്തെ ഇസ്‌ലാമി ഉയർത്തിപ്പിടിക്കുന്ന ദേശീയവും അന്തർദേശീയവുമായ നിലപാടുകളെപ്പറ്റിയുള്ള മതിപ്പാണ് അതിന് കാരണമെന്ന് കാണാം.

എത്തിച്ചേർന്ന ധാരണയനുസരിച്ച് ഇരുവിഭാഗത്തെയും വിദ്യാർഥി, തൊഴിലാളി, വനിതാ പ്രതിനിധിസംഘങ്ങൾ ആശയങ്ങൾ കൈമാറുകയും പരസ്പര സഹകരണത്തിന്റെ പുതിയ മാർഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതാണ്. 2009 ഫെബ്രു 12-ന് ചൈനീസ് തലസ്ഥാനമായ ബീജിംഗിൽ വെച്ച് ഇരു പാർട്ടികളുടെയും സമുന്നത നേതാക്കളാണ് വിശദമായ ചർച്ചകൾക്ക് ശേഷം ഈ തീരുമാനത്തിലെത്തിയത്. ചർച്ചയിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയെ പ്രതിനിധീകരിച്ച് ഡെപ്യൂട്ടി വിദേശകാര്യമന്ത്രി ലൂഹാൻഗ് സയിയും, ജമാഅത്തെ ഇസ്‌ലാമിയെ പ്രതിനിധീകരിച്ച് അന്നത്തെ അമീർ ഖാദി ഹുസൈൻ അഹ്മദും പങ്കെടുത്തു. ചൈനീസ് സംഘത്തിൽ ഉയർന്ന പാർട്ടി നേതാക്കളും ഉദ്യോഗസ്ഥരുമുണ്ടായിരുന്നു. പാക് പ്രതിനിധിസംഘത്തിൽ ഖാദി ഹുസൈൻ അഹ്മദിന് പുറമെ ഇപ്പോഴത്തെ അമീർ സയ്യിദ് മുനവ്വർ ഹസൻ, ലിയാഖത്ത് ബലൂച്, സിറാജുൽ ഹഖ്, പ്രഫ. ഇബ്‌റാഹിംഖാൻ, അബ്ദുൽ ഗഫ്ഫാർ അസീസ്, ആസിഫ് ലുഖ്മാൻ ഖാദി എന്നിവരാണ് ഉണ്ടായിരുന്നത്.

ചർച്ചയിൽ ഇരുകൂട്ടരും സംതൃപ്തി രേഖപ്പെടുത്തി. ഇരു രാജ്യങ്ങളിലെയും ജനതകൾ തമ്മിൽ സൗഹൃദം ശക്തിപ്പെടു

മുദ്രകൾ

ത്താൻ ആഹ്വാനമുണ്ടായി. ജമാഅത്തെ ഇസ്‌ലാമിക്ക് ചൈനയുടെ ആഭ്യന്തര ഭദ്രതയുടെയും സുരക്ഷയുടെയും കാര്യത്തിൽ വ്യക്തമായ നിലപാടുണ്ടെന്നും അതുകൊണ്ട് ഏതെങ്കിലും ശിഥിലീകരണ ശക്തികളെ പിന്തുണക്കുന്ന പ്രശ്നമില്ലെന്നും നേതാക്കൾ വ്യക്തമാക്കി. ആഗോള സാമ്പത്തിക പ്രതിസന്ധിയിലും ചൈന പാകിസ്താനിലെ വിവിധ മേഖലകളിൽ നടത്തുന്ന മൂലധനനിക്ഷേപത്തെ ജമാഅത്ത് നേതാക്കൾ സ്വാഗതം ചെയ്തു.

ഫെബ്രുവരി 14-ന് സന്ദർശനത്തിന്റെ അന്തിമ ഘട്ടത്തിൽ ദൗത്യസംഘം ചൈനയുടെ സാമ്പത്തിക തലസ്ഥാനമായി അറിയപ്പെടുന്ന ഷാങ്ഹായിൽ എത്തിച്ചേർന്നു. ഷാങ്ഹായ് പ്രവിശ്യയിലെ ഭരണത്തലവന്മാരും ചൈനയിലെ പാകിസ്താൻ കൗൺസിൽ ജനറലും ദൗത്യസംഘത്തെ വിമാനത്താവളത്തിൽ ഹാർദമായി സ്വീകരിച്ചു. ഷാങ്ഹായ് ഭരണത്തലവൻ യങ്ഷിയാദോ ജമാഅത്തെ ഇസ്‌ലാമി ദൗത്യസംഘവുമായി വിശദമായ ചർച്ച നടത്തി. ഷാങ്ഹായിലെ വികസന പരിപാടികൾ അദ്ദേഹം വിശദീകരിച്ചുകൊടുത്തു. ഗസ്റ്റ് ഹൗസിൽ സംഘത്തിന് വിരുന്നും ഒരുക്കിയിരുന്നു.

വ്യാവസായിക രംഗത്ത് പുതിയ സാധ്യതകൾ കണ്ടെത്താനും ഷാങ്ഹായുടെ പുരോഗമന പദ്ധതികളിൽ പങ്കാളികളാകാനും പാകിസ്താനിലെ വ്യവസായ പ്രമുഖരെ ചൈനയിലേക്ക് അയക്കുമെന്ന് ഖാദി ഹുസൈൻ പ്രസ്താവിച്ചു. ഷാങ്ഹായിലേക്ക് പോകുന്നതിന് മുമ്പ് ഖാദി ഹുസൈൻ, പതിനഞ്ചര നൂറ്റാണ്ട് പഴക്കമുള്ള പള്ളിയിൽ ജുമുഅ നമസ്കരിക്കുകയും നമസ്കാരത്തിന് ശേഷം ചൈനീസ് മുസ്‌ലിംകളെ അഭിമുഖീകരിച്ച് സംസാരിക്കുകയും ചെയ്തു. രാജ്യത്തിന്റെ വികസനത്തിനും പുരോഗതിക്കും വേണ്ടി തങ്ങളാൽ കഴിയുന്നത് ചെയ്യണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ചൈനീസ് മുസ്‌ലിംകൾ ലോകത്തിനും ചൈനക്കുമിടയിൽ ഒരു പാലമായി വർത്തിക്കണമെന്നും ചൈനീസ് ജനതക്ക് തങ്ങളുടെ മാതൃകാപരമായ ജീവിതത്തിലൂടെ ഇസ്‌ലാമിന്റെ സുന്ദര രൂപം കാണിച്ചുകൊടുക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ■

**അബൂബക്കർ നദ്‌വി**

# *പ്രബോധനം* വെബ്സൈറ്റ് യൂണികോഡിലേക്ക്



**മലയാള ഭാഷയിൽ** യൂണികോഡിന്റെ ഉപയോഗം വ്യാപകമായതോടെ *പ്രബോധനം* വാരികയുടെ വെബ്സൈറ്റും (www.prabodhanam.net) യൂണികോഡിലേക്ക് ചുവടുമാറുകയാണ്. സൈറ്റിലുള്ള ലക്കങ്ങളുടെ താളുകൾ മുഴുക്കെ ഈ രീതിയിൽ നെറ്റിൽ ലഭ്യമായിത്തുടങ്ങി. ഇതനുസരിച്ച് വാരികയുടെ ഉള്ളടക്കങ്ങൾ വായിക്കാൻ ഇനി നേരിട്ട് *പ്രബോധനം* സൈറ്റിൽ കയറാതെ ഗൂഗിൾ, യാഹൂ, എം.എസ്.എൻ തുടങ്ങിയ വ്യത്യസ്ത സെർച്ച് എഞ്ചിനുകളിലെ സെർച്ച് സൗകര്യം ഉപയോഗപ്പെടുത്തി ലഭ്യമാക്കാവുന്നതാണ്. പ്രത്യേക വിഷയങ്ങളിൽ പ്രസ്ഥാനത്തിന്റെയും അതിന്റെ മുഖപത്രമായ *പ്രബോധന*ത്തിന്റെയും കാഴ്ചപ്പാട് അറിയാനാഗ്രഹിക്കുന്നവർക്ക് ഇത് വലിയ തോതിൽ പ്രയോജനപ്പെടും. ഉദാഹരണമായി 'ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥ' എന്ന് മലയാളം യൂണികോഡിൽ ടൈപ്പ് ചെയ്തു ഏതെങ്കിലും സെർച്ച് എഞ്ചിനിൽ പരതുന്നതോടെ ഈ വിഷയം പരാമർശിക്കുന്ന *പ്രബോധനം* ലേഖനങ്ങളുടെ ലിസ്റ്റും അതിന്റെ ലിങ്കുകളും കമ്പ്യൂട്ടർ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നു. തുടർന്ന് ഈ ലിങ്കുകളിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ പേജുകളിലെത്താവുന്നതാണ്. 'പ്രവർത്തകരോട്+ഹൽഖാ അമീർ' എന്ന് സെർച്ച് ബോക്സിൽ ടൈപ്പ് ചെയ്തു നൽകിയാൽ ഹൽഖാ അമീറിന്റെ നിർദേശങ്ങളുൾക്കൊണ്ട *പ്രബോധനം* പേജുകൾ മുഴുക്കെ ഇനി നെറ്റിലൂടെ നിങ്ങൾക്ക് വളരെ പെട്ടെന്ന് ലഭ്യമാക്കാം. 'മുഹമ്മദ് നബി' എന്ന മലയാളം കീവേർഡ് ഉപയോഗിച്ച് ഗൂഗിൾ സെർച്ച് എഞ്ചിൻ മുഖേന നെറ്റിൽ പരതുമ്പോൾ 42,600 റിസർട്ടുകളാണ് ഇപ്പോൾ ലഭ്യമാകുന്നത്. ഇതിൽ മുൻനിരയിൽ തന്നെ 1988-ൽ പ്രസിദ്ധീകരിച്ച *പ്രബോധനം* മുഹമ്മദ് നബി വിശേഷാൽ പതിപ്പിന്റെ പേജുകളിലേക്കുള്ള ലിങ്കുകളും കാണാവുന്നതാണ്. ഫോണ്ട് പ്രശ്നങ്ങളുണ്ടെങ്കിൽ അഞ്ജലി ഓൾഡ് ലിപി ഇൻസ്റ്റാൾ ചെയ്യുക. *പ്രബോധനം* ഹോം പേജിൽ ഇതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

എല്ലാ ഭാഷകളും ഇന്റർനെറ്റിലൂടെ അനായാസം കൈകാര്യം ചെയ്യുന്നതിനായി പ്രമുഖ കമ്പ്യൂട്ടർ കമ്പനികൾ ചേർന്ന് രൂപം നൽകിയ കൺസോർഷ്യമാണ് മലയാളം യൂണികോഡിനും രൂപംനൽകിയിരിക്കുന്നത്. വിവിധ സെർച്ച് എഞ്ചിനുകളിൽ കയറി മലയാളത്തിൽ തെരച്ചിൽ നടത്താനുള്ള സൗകര്യമാണ് ഇതിലൂടെ ലഭിക്കുന്നത്. മലയാള ദിനപത്രങ്ങളും വാരികകളും ഇതര പ്രസിദ്ധീകരണങ്ങളുമൊക്കെ യൂണികോഡിലേക്ക് കൂടുമാറുന്ന തിരിക്കിലാണിപ്പോൾ. മലയാളം വെബ്സൈറ്റുകളും ഈ രീതിയിൽ യൂണികോഡിലേക്ക് പറിച്ചുനടാൻ ബന്ധപ്പെട്ടവർ നിർബന്ധിതരാവും. നേരത്തേ ഇംഗ്ലീഷ് ഭാഷയിലും മറ്റും പരിമിതമായിരുന്ന തെരച്ചിൽ സംവിധാനം മലയാളത്തിലേക്ക് കടന്നതോടെ നമ്മുടെ ഭാഷക്കും നെറ്റിൽ ഒരു നവോന്മേഷം കൈവന്നിരിക്കുന്നു. സംസ്ഥാന സർക്കാരും ഇതിന് അങ്ങേയറ്റം പിന്തുണ നൽകുന്നുണ്ട്. സംസ്ഥാന തലത്തിൽ മലയാളം കമ്പ്യൂട്ടിംഗ് പദ്ധതി ഇപ്പോൾ വൻ പ്രാധാന്യത്തോടെ മുന്നേറുകയാണ്. യൂണികോഡിലേക്കുള്ള ചുവടുമാറ്റത്തിലൂടെ *പ്രബോധനം* വാരികയും ഈ മുന്നേറ്റത്തിൽ ഭാഗഭാക്കാവുകയാണ്. ■ **വി.കെ അബ്ദു**